# Visit of Minister of State for External Affairs and Culture Smt. MeenakashiLekhi to Uzbekistan and Switzerland (September 23-30, 2021)

September 22, 2021

---

**വിദേശകാര്യ സാംസ്കാരിക വകുപ്പ് സഹമന്ത്രി ശ്രീമതി മീനകാശി ലേഖിയുടെ ഉസ്ബെക്കിസ്ഥാൻ, സ്വിട്സർലാൻഡ് എന്നിവയിലേക്കുള്ള സന്ദർശനം (സെപ്റ്റംബർ 23-30, 2021)**

സെപ്റ്റംബർ 22, 2021

വിദേശകാര്യ സാംസ്കാരിക വകുപ്പ് സഹമന്ത്രി ശ്രീമതി മീനകാശി ലേഖിയുടെ ഉസ്ബെക്കിസ്ഥാൻ, സ്വിസ് കോൺഫെഡറേഷൻ എന്നിവിടങ്ങളിലേക്ക് 2021 സെപ്റ്റംബർ 23-30 തിയ്യതികളിൽ ഔദ്യോഗിക സന്ദർശനം നടത്തും

2. സെപ്റ്റംബർ 23 മുതൽ 26 വരെ ഉസ്ബെക്കിസ്ഥാൻ സന്ദർശനത്തിൽ ,വിദേശകാര്യസഹമന്ത്രി ഉസ്ബെക്കിസ്ഥാൻ വിദേശകാര്യ മന്ത്രി അബ്ദുൽ അസീസ് കാമിലോവ് സാംസ്കാരിക മന്ത്രി ഓസോഡ്ബെക്ക് നാസർബെക്കോവ് എന്നിവരുമായി കൂടിക്കാഴ്ച നടത്തും. പ്രശസ്തമായ താഷ്കന്റ് സ്റ്റേറ്റ് ലോ യൂണിവേഴ്സിറ്റിയിൽ 'ഇന്ത്യയുടെ ജനാധിപത്യ പാരമ്പര്യങ്ങൾ' എന്ന വിഷയത്തിൽ അവർ ഒരു പ്രഭാഷണം നടത്തും. മന്ത്രി താഷ്കെന്റിലെ ഇന്ത്യൻ കമ്യൂണിറ്റി അംഗങ്ങളുമായി ആശയവിനിമയം നടത്തുകയും താഷ്കന്റ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ സ്റ്റഡീസിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നുമുള്ള വിശിഷ്ടരായ ഇൻഡോളജിസ്റ്റുകളെ സന്ദർശിക്കുകയും ചെയ്യുന്നതാണ്.'ആസാദിക അമൃത് മഹോത്സവ്' ആഘോഷങ്ങളുടെ ഭാഗമായി ബുഖാര സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുന്ന വിദേശകാര്യ സഹമന്ത്രി അതോടൊപ്പം സമർകണ്ഡ് സ്റ്റേറ്റ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഇന്ത്യൻ വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്യും.

3. സെപ്റ്റംബർ 27-30 വരെയുള്ള സ്വിറ്റ്സർലൻഡ് സന്ദർശനത്തിൽ വിദേശകാര്യമാത്രാലയത്തിലെ ഫെഡറൽ കൗൺസിലർ (വിദേശകാര്യമന്ത്രി) ഡോ. ഇഗ്നാസിയോ കാസിസ്,ആഭ്യന്തര, സാംസ്കാരിക മന്ത്രാലയത്തിലെ ഫെഡറൽ കൗൺസിലർ അലൈൻ ബെർസെറ്റ്മാ എന്നിവരുമായി ചർച്ച നടത്തും."ഉയർന്നുവരുന്ന വിപണികളിലെ അടിസ്ഥാനസൗകര്യങ്ങൾ- വളർച്ചയുടെയും യഥാർത്ഥ പ്രഭാവത്തിന്റെയും ഒരു എഞ്ചിൻ" എന്ന വിഷയത്തിൽ NZZ ഇംപാക്റ്റ് ഫിനാൻസിന്റെ ഉദ്ഘാടന കോൺഫറൻസിനെ അഭിസംബോധന ചെയ്യും.കൂടാതെ സ്വിസ്-ഇന്ത്യ ചേംബർ ഓഫ് കൊമേഴ്സിന്റെ വാർഷിക പൊതുയോഗത്തിലും വിദേശകാര്യമന്ത്രി പങ്കെടുക്കും. അവർ ഇന്തോ-സ്വിസ് സമൂഹവുമായി സംവദിക്കുകയും ജനീവയിലെ അന്താരാഷ്ട്ര സമൂഹത്തിലെ അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്യും.

4. ഉസ്ബെക്കിസ്ഥാനുമായും സ്വിറ്റ്സർലൻഡുമായും ഇന്ത്യ സഹകരണാടിസ്ഥാനത്തിലുള്ള സൗഹൃദപരവുമായ ബന്ധം ആസ്വദിക്കുന്നു. ഈ രണ്ട് രാജ്യങ്ങളുമായുള്ള ഉഭയകക്ഷി ബന്ധത്തിൽ ആക്കം നിലനിർത്താൻ വിദേശകാര്യ മന്ത്രിയുടെ സന്ദർശനം സഹായകമാകുന്നതാണ്.

**ന്യൂ ഡൽഹി**

**സെപ്റ്റംബർ 22, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.